"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

**വളരെ അടിയന്തിരം**

തൊഴിൽ ഭവൻ,

തിരുവനന്തപുരം

നമ്പർ:DT/337/2019-A3 തീയതി: 17-05-2024

<u>ചുറ്ററിയിപ്പ്</u>

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ -അക്കൌണ്ട് ടെസ്റ്റ് വിജയിച്ചതിന്റെ വിവരങ്ങൾ സംബന്ധിച്ച്.

സൂചന:- 18.6.2021 ലെ DT/3745/2019-A3 നമ്പരായ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് .

സൂചന പ്രകാരമുള്ള ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം 733 വരെയാണ് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. നിലവിൽ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി വകുപ്പിൽ ക്ലാർക്ക് /ക്ലാർക്ക് (HG) തസ്തികയിൽ സേവനത്തിലുള്ളതും 18.6.2021 ലെ DT/375/2019-A3 നമ്പരായ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നം.742 വരെയുള്ള ജീവനക്കാരിൽ അക്കൌണ്ട് ടെസ്റ്റ് (ലോവർ /ഹയർ) വിജയിച്ച /50 വയസ്സ് പൂർത്തിയായ ജീവനക്കാരുടെ വിവരങ്ങളും 6.3.2014 ന് മുൻപ് നിയമന ശുപാർശ ലഭിച്ച് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റത്തിനു താൽപ്പര്യമുണ്ടെങ്കിൽ ആയതിനുള്ള അപേക്ഷ അക്കൌണ്ട് ടെസ്റ്റ് ,MOP എന്നിവ വിജയിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം 21.05.2024 3 PM നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ സ്ഥാപന മേധാവികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. സമയ പരിധി കൃത്യമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി